ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17.12.2024**

## പ്രധാനവാർത്തകൾ

1) ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബിൽ കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാൾ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. ബിൽ സംയുക്ത പാർലമെൻ്ററി സമിതിയുടെ പരിഗണനയ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം.

2. അന്താരാഷ്ട്ര പ്രവാസി ദിനാചരണ പരിപാടിക്ക് നാളെ കോഴിക്കോട് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യും.

3. ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനം.

4. കോതമംഗലം കുട്ടമ്പുഴയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട യുവാവിന്റെ മൃതദേഹം സംസ്കരിച്ചു; വന്യജീവി ആക്രമണം തടയുന്നതിൽ സർക്കാർ പരാജയമെന്ന് പ്രതിപക്ഷം.

5. മികച്ച പ്രേക്ഷക പങ്കളിത്തം കൊണ്ട് ശ്രദ്ധേയമായി കേരള രാജ്യാന്തര ചലച്ചിത്ര മേള; ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്രമേളകളിൽ തിളങ്ങിയ ഏഴു ചിത്രങ്ങൾ നാളെ പ്രദർശനത്തിന്.

RNUTVPM

## 6. സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് മേഘാലയയുമായി ഏറ്റുമുട്ടും..

&&&&&&&&&&&&&&&&&&&&&&&

**ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്**

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബിൽ കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. 269 അംഗങ്ങൾ അനുകൂലിച്ച് വോട്ട് ചെയ്തപ്പോൾ 198 പേർ എതിർത്തു വോട്ടു ചെയ്തു. ബിൽ അവതരണത്തെ എതിർത്ത പ്രതിപക്ഷ പാർട്ടികൾ സൂക്ഷ്മപരിശോധനയ്ക്കായി ബില്ലുകൾ സംയുക്ത പാർലമെൻ്ററി സമിതിയുടെ പരിഗണനയ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ടു. ബില്ലുകൾ സംയുക്ത പാർലമെൻ്ററി സമിതിയ്ക്ക് അയക്കാമെന്ന ശുപാർശ കേന്ദ്ര നിയമമന്ത്രി സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

**രാജ്യസഭ**

ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. ഇന്ത്യ ഏറ്റവും വലിയ ജനാധിപത്യ രാജ്യവും ജനാധിപത്യത്തിൻ്റെ മാതാവുമാണെന്ന് ചർച്ചയിൽ പങ്കെടുത്ത സഭാ നേതാവും കേന്ദ്രമന്ത്രിയുമായ ജെ.പി നഡ്ഡ പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&&&&&&

**പി എം - ജയ്പൂർ**

ജലസംരക്ഷണം കാലഘട്ടത്തിൻ്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ സംസ്ഥാനങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ വൻ തോതിൽ മഴവെള്ള സംഭരണികൾ നിർമിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. രാജസ്ഥാനിലെ ജയ്പൂരിൽ 46,300 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി.

&&&&&&&&&&&&&&&&&&&&&&&

**നോർക്ക റൂട്ട്സ് - മുഖ്യമന്ത്രി**

നോർക്ക റൂട്ട്സ്, ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി

ദിനാചരണം നാളെ കോഴിക്കോട് നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശം നൽകും. മന്ത്രി വി. അബ്ദുറഹിമാൻ ദിനാചരണം ഉദ്ഘാടനം ചെയ്യും. പരിപാടിയിൽ നോർക്ക പദ്ധതി ഗുണഭോക്താക്കൾ അനുഭവം പങ്കുവയ്ക്കും.

&&&&&&&&&&&&&&&&&&&&&&&

**ശബരി റെയിൽ പദ്ധതി**

ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. അനുമതിക്കായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമെന്ന് മുഖ്യമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ആദ്യഘട്ടത്തിൽ അങ്കമാലി - എരുമേലി - നിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിൻറെ 50 ശതമാനം തുക കിഫ്ബി വഹിക്കും. സംസ്ഥാനത്തിന്റെ വികസനത്തിന് കുതിപ്പേകും വിധം ശബരി റെയിൽ പദ്ധതി വിപുലീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

**ഗതാഗത മന്ത്രി (ഇൻട്രോ)**

സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഗതാഗത മന്ത്രി  കെ.ബി ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ ഇന്ന് ഉന്നതതല യോഗം ചേർന്നു. തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ മോട്ടോർ വാഹന വകുപ്പ്, പൊലീസ്, ദേശീയ പാത അതോറിറ്റി, റോഡ് സുരക്ഷാ വിഭാഗം എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു. കേരളത്തിൽ നല്ല ഡ്രൈവിംഗ് സംസ്കാരം ഉണ്ടാകുന്നതിനായി അവബോധം ശക്തമാക്കണമെന്ന് മന്ത്രി സമൂഹമാധ്യമത്തിലൂടെ അഭ്യർത്ഥിച്ചു.
( വോയിസ്....)

&&&&&&&&&&&&&&&&&&&&&&&

**വീണാ ജോർജ് -ഉദ്ഘാടനം**

സംസ്ഥാനത്തെ 24 ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ 14.05 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നാളെ നടക്കും. തിരുവനന്തപുരം കോട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയിൽ

RNU TVPM

ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും. ആയുഷ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായാണ് പദ്ധതികൾ.

&&&&&&&&&&&&&&&&&&&&&&&

**വീണാ ജോർജ് -പേരൂർക്കട**

തിരുവനന്തപുരം പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ വിവിധ പദ്ധതികളുടെഉദ്ഘാടനവും നാളെ ആരോഗ്യമന്ത്രി വീണാ ജോർജ് നിർവഹിക്കും. ലക്ഷ്യ മാനദണ്ഡ പ്രകാരം സജ്ജമാക്കിയ ലേബർ റൂം കോംപ്ലക്സ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, പാലിയേറ്റീവ് കെയർ വാർഡ്, നവീകരിച്ച ഒ.പി. വിഭാഗം, അത്യാഹിത വിഭാഗം എന്നിവയുടെ ഉദ്ഘാടനമാണ് നാളെ നടക്കുക.

&&&&&&&&&&&&&&&&&&&&&&&

**കുട്ടമ്പുഴ കാട്ടാന ആക്രമണം**

കോതമംഗലം കുട്ടമ്പുഴയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട എൽദോസ് വർഗീസിൻ്റെ സംസ്കാരം ചേലാട് കുറുമറ്റം സിമിത്തേരിയിൽ നടന്നു. അതിനിടെ വർദ്ധിച്ചു വരുന്ന വന്യജീവി ആക്രമണത്തിൽ പ്രതിഷേധിച്ച് കോതമംഗലത്ത് വനം വകുപ്പ് ഓഫീസിലേക്ക് നടന്ന മാർച്ചിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

RNU TVPM

&&&&&&&&&&&&&&&&&&&&&&&

**വി ഡി സതീശൻ+സുരേന്ദ്രൻ**

കർഷകരെയും ആദിവാസികളെയും ഗുരുതരമായി ബാധിക്കുന്ന വനനിയമ ഭേദഗതി ഉപേക്ഷിക്കാൻ സർക്കാർ തയാറാകണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്യജീവി ആക്രമണം തടയുന്നതിന് പകരം വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്നത് ജനങ്ങളോടുള്ള വെല്ലുവിളി യാണെന്നും അദ്ദേഹം പറഞ്ഞു. വന്യമൃഗ ആക്രമണം തടയുന്നതിൽ സംസ്ഥാന സർക്കാർ പൂർണമായും പരാജയപ്പെട്ടതായി ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ ആരോപിച്ചു.

&&&&&&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി**

പാലിയേറ്റീവ് കെയർ സന്നദ്ധ പ്രവർത്തകരെ അഭിനന്ദിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. സന്നദ്ധ സംഘടനകളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ ആവശ്യമായ എല്ലാവർക്കും പാലിയേറ്റീവ് കെയർ ഉറപ്പാക്കാൻ സർക്കാർ ഉടൻ ജനകീയ ക്യാമ്പയിൻ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

**വയനാട് - മന്ത്രി ഒ ആർ കേളു**

വയനാട് മാനന്തവാടിയിൽ ഗോത്രവിഭാഗക്കാരൻ മാതനെ കാറിൽ വലിച്ചിഴച്ചു കൊണ്ടുപോയ സംഭവത്തിൽ പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ മാനന്തവാടി ഡി.വൈ.എസ്.പിയ്ക്ക് കമ്മീഷൻ നിർദേശം നൽകി. സംഭവത്തിൽ കമ്പളക്കാട് സ്വദേശികളായ ഹർഷിദ്, അഭിരാം എന്നിവർ പിടിയിലായി. മറ്റു രണ്ടു പേർക്കായുള്ള അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. മാനന്തവാടി മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന മാതനെ മന്ത്രി ഒ ആർ കേളു സന്ദർശിച്ചു. കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും സർക്കാർ ഒപ്പമുണ്ടെന്നും മന്ത്രി ഉറപ്പ് നൽകി.

&&&&&&&&&&&&&&&&&&&&&&&

**20 കോടിയുടെ അധിക വരുമാനം**

സർക്കാർ അതിഥിമന്ദിരങ്ങളിലൂടെ കഴിഞ്ഞ മൂന്ന് വർഷത്തിൽ 20 കോടിയുടെ അധിക വരുമാനം ലഭിച്ചതായി മന്ത്രി പി.എ മുഹമ്മദ്റിയാസ്. സുൽത്താൻ ബത്തേരിയിൽ നവീകരിച്ച ഗവ ഗസ്റ്റ് ഹൗസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മുണ്ടക്കൈ, ചൂരൽമല പ്രകൃതി ദുരന്തത്തിന് ശേഷം വയനാട് ജില്ലയിലെ ടൂറിസം മേഖല അതിജീവനത്തിലൂടെ മുന്നേറുകയാണെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

**ഐ എഫ് എഫ് കെ(INTRO)**

RNU TVPM

തിരുവനന്തപുരത്ത് നടക്കുന്ന കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ മികച്ച പ്രേക്ഷക പങ്കാളിത്തം തുടരുന്നു. മേളയെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ഇത്തവണ പ്രസംഗമുൾപ്പടെ ആംഗ്യ ഭാഷയിലും അവതരിപ്പിക്കുന്നുണ്ട്. ചലച്ചിത്രമേളയുടെ ആറാം ദിനമായ നാളെ ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്രമേളകളിൽ തിളങ്ങിയ ഏഴു ചിത്രങ്ങൾ പ്രദർശനത്തിന് എത്തും. മേളയിലെ പ്രേക്ഷക പ്രതികരണം പുതിയ അനുഭവമാണെന്ന് നടൻ വിഷ്ണു ഉണ്ണികൃഷ്ണൻ ആകാശവാണി വാർത്തകളോട് പറഞ്ഞു...
( വോയിസ്.....)

&&&&&&&&&&&&&&&&&&&&&&&

**സന്തോഷ് ട്രോഫി**

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൻറെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ കേരളം ഇന്ന് മേഘാലയയുമായി ഏറ്റുമുട്ടും. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

RNU TVPM

&&&&&&&&&&&&&&&&&&&&&&&

**കണ്ണൂർ ഇ.എൻ.ടി ആശുപത്രി**

സംസ്ഥാന സർക്കാരിൻറെ നിയന്ത്രണത്തിലുള്ള ആദ്യത്തെ ആയുർവേദ ഐ ആൻറ് ENT ആശുപത്രിയുടെ തറക്കല്ലിടൽ ആരോഗ്യമന്ത്രി വീണാ ജോർജ് നാളെ കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിൽ നിർവഹിക്കും. ദേശീയ ആയുഷ് മിഷൻറെ രണ്ടരക്കോടി രൂപയോളം ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡിനാണ് നിർമ്മാണ ചുമതല.

&&&&&&&&&&&&&&&&&&&&&&&

**ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ**

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ വായ്പയെടുത്ത് വിവിധ സംരംഭങ്ങൾ ആരംഭിച്ചവർക്ക് ഈ സാമ്പത്തികവർഷം 35.77 ലക്ഷം രൂപ സബ്സിഡി അനുവദിച്ചതായി മന്ത്രി ആർ ബിന്ദു. കൃത്യമായി വായ്പ തിരിച്ചടക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഭിന്നശേഷിക്കാർക്കാണ്

സബ്സിഡി. സ്വയംതൊഴിലിനായും, വാഹന-ഭവന ആവശ്യങ്ങൾക്കായും അമ്പത് ലക്ഷം രൂപ വരെയാണ് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നത്. രാജ്യത്തിനകത്തും പുറത്തുമായി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് നാലു ശതമാനം പലിശനിരക്കിൽ അമ്പത് ലക്ഷം വരെ വിദ്യാഭ്യാസ വായ്പയും നൽകി വരുന്നു.

&&&&&&&&&&&&&&&&&&&&&&&&

## അന്തസ് നിലനിർത്തണം

ലൈംഗിക പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ അന്തസ് നിലനിർത്തേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്ത മാണെന്ന് കേരള അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ്. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പോക്സോ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഡോക്ടർമാരും പബ്ലിക് പ്രോസിക്യൂട്ടർമാരും ജാഗ്രത പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&

RNUTVPM